പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *234** **06.11.2019-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പുരുഷൻ കടലുണ്ടി | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | എ) | പട്ടികവർഗ വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. എൽ.പി.സ്കൂളുകളിൽ ഗോത്രഭാഷ അറിയുന്ന അദ്ധ്യാപകരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി<br>2. സാമൂഹ്യപഠന മുറി<br>3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി<br>4. ലാപ്ടോപ്പ് വിതരണം<br>5. സമഗ്ര - സാക്ഷരതാ പദ്ധതി<br>6. വിദേശപഠനത്തിനുള്ള ധനസഹായം<br>7. അയ്യങ്കാളി മെമ്മോറിയൽ ടാലൻറ് സെർച്ച് ആൻറ് ഡെവലപ്പ്മെൻറ് പദ്ധതി<br>8. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം<br>9. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br>10. പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം<br>11. ഭാരത ദർശൻ (സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര)<br>12. കുട്ടികൾക്ക് യാത്രാസൗകര്യം ഉറപ്പുവരുത്തുന്ന ഗോത്രസാരഥി പദ്ധതി |

| | | | |
|---|---|---|---|
| | | | 13. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും<br>14. ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും<br>15. ഒരു എം.ആർ.എസ് പുതുതായി ആരംഭിച്ചു. 2 എം.ആർ.എസുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br>16. 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പുതുതായി ആരംഭിച്ചു. |
| ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) | പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം എന്നിവയും, വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് CCTV, Mini Mast Light എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. Napkin wending machine, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ അടുക്കളകളിൽ സ്റ്റീംബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനത്തിന് സൗകര്യമൊരുക്കുക, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവക്കായി സ്റ്റുഡൻറ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളിൽ നല്ല ഭക്ഷണം, പ്രത്യേക ട്യൂഷൻ, മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് കൂടുതൽ തുക വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സി) | പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിൽ ഭക്ഷണ മെനു സംസ്ഥാന പോഷകാഹാര കാര്യാലയത്തിലെ ഡയറ്റീഷ്യന്മാരാണ് തയ്യാറാക്കിയിട്ടുള്ളത്. ടി മെനു അനുസരിച്ചുള്ള ഭക്ഷണം വിതരണം ചെയ്യാനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. എല്ലാ ഹോസ്റ്റൽ വിദ്യാർത്ഥികൾക്കും ട്യൂഷൻ, കൗൺസിലിംഗ് തുടങ്ങിയ സൗകര്യങ്ങൾ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത ആവശ്യങ്ങൾക്കായി 19,47,58,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി സൗജന്യപഠന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഉണ്ട്. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ബി-ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിന് 89,23,000/- രൂപ ചെലവിൽ പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ